**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 219** | **24-02-2026 - ൽ മറുപടിയ്ക്ക്**

**കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളതീരത്തെ മത്സ്യസമ്പത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ശോഷണം സംഭവിക്കുന്നുവെന്ന് കേന്ദ്രസർക്കാർ സ്ഥാപനമായ സി.എം.എഫ്.ആർ.ഐ. യുടെ പഠന റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | കേരള സംസ്ഥാനത്ത് സമുദ്ര മത്സ്യ ഉൽപാദനത്തിന്റെ അളവിൽ ഏറ്റക്കുറച്ചിലുകളുണ്ടെങ്കിലും കാര്യമായ ശോഷണം വന്നതായി സി എം എഫ് ആർ ഐ യുടെ പഠന റിപ്പോർട്ടിൽ കണ്ടെത്തിയിട്ടില്ല. ലഭ്യമായ കണക്കുകൾ പ്രകാരം 2015-ൽ 4.82 ലക്ഷം ടണ്ണായിരുന്ന മത്സ്യ ഉൽപാദനം 2018-ൽ 6.09 ലക്ഷം ടണ്ണായി ഉയർന്ന് പിന്നീട് ഏറ്റക്കുറച്ചിലുകൾക്ക് ശേഷം അത് 2024-ൽ 6.47 ലക്ഷം ടണ്ണായി ഉയർന്നു. മുൻവർഷങ്ങളിലും സമുദ്ര മത്സ്യ ഉൽപാദനത്തിന്റെ അളവിൽ സമാനമായ ഏറ്റക്കുറച്ചിലുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.<br><br>മത്സ്യസമ്പത്തിന്റെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എല്ലാ വർഷവും മൺസൂൺ സമയത്ത് 52 ദിവസക്കാലം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നുണ്ട്. KMFR Act ലും Rules ലും ഭേദഗതികൾ വരുത്തി വലയുടെ ആകെ വലിപ്പവും കണ്ണി വലിപ്പവും നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. സ്റ്റോക്ക് അസസ്മെന്റിനെ അടിസ്ഥാനമാക്കിയുള്ള MLS(Minimum Legal Size), Square Mesh തുടങ്ങിയ ശാസ്ത്രീയ മാനേജ്മെന്റ് നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നുണ്ട്. മത്സ്യ സമ്പത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കടൽ മത്സ്യ ഉൽപ്പാദനത്തിൽ കഴിഞ്ഞ 4 വർഷങ്ങളിൽ രാജ്യത്ത് ആദ്യത്തെ മൂന്ന് സ്ഥാനങ്ങളിൽ കേരളം ഉൾപ്പെട്ടിട്ടുണ്ട്. 2024-ൽ |

| | | | |
|---|---|---|---|
| | | | രാജ്യത്തെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനമായി കേരളത്തെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു. |
| (ബി) | കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ കെ.എം.എഫ്.ആർ. ആക്ട് കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉണ്ട്. കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ KMFR Act ഉം Rule ഉം കാലോചിതമായി പരിഷ്കരിയ്ക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തു വരുന്നു. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ എഞ്ചിൻ ശക്തിയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് (MLS) വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. അശാസ്ത്രീയ മത്സ്യബന്ധനവും നിരോധിത വലകളുടെ ഉപയോഗവും മത്സ്യവിഭവ ശോഷണത്തിന് ഹേതുവാകുമെന്ന് മനസിലാക്കി സർക്കാർ ഉപരിതല ട്രോളിംഗ്, മിഡ് വാട്ടർ ട്രോളിംഗ്, പഴ്സീനിങ്ങ് എന്നീ മത്സ്യബന്ധന രീതികൾ കേരളത്തിന്റെ സമുദ്രാതിർത്തിയിൽ നിരോധിച്ചിട്ടുണ്ട്. അതു പോലെ രാത്രികാല ട്രോളിംഗ്, കരവലി എന്നിവയും നിരോധിച്ചിട്ടുണ്ട്. ഇതിന് പുറമെ രാസവസ്തുക്കൾ, ഡൈനാമിറ്റ് എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തള്ള മത്സ്യങ്ങളെ കൂട്ടത്തോടെ നശിപ്പിക്കുന്ന ഫിഷ് അഗ്രഗേറ്റിംഗ് ഡിവൈസസ് (FAD) ഉപയോഗിച്ചുള്ള മത്സ്യബന്ധനം, 12 വാട്സിൽ കൂടുതൽ തീവ്രതയുള്ള ലൈറ്റുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം എന്നിവയും KMFR Act ൽ ഭേദഗതി വരുത്തി നിരോധിച്ചിട്ടുണ്ട്. |
| (സി) | കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രതിഭാസങ്ങളുടെ ഫലമായി മത്സ്യലഭ്യതയിലുണ്ടാകുന്ന കുറവ് പരിഹരിയ്ക്കാൻ | (സി) | കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന മത്സ്യ ലഭ്യതയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിനും മത്സ്യ സമ്പത്ത് സംരക്ഷിയ്ക്കുന്നതിനും വേണ്ടി സർക്കാർ |

| | | | |
|---|---|---|---|
| | എന്തെല്ലാം മാർഗ്ഗങ്ങളാണ് വകുപ്പ് മുഖേന നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | | വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. അശാസ്ത്രീയ മത്സ്യബന്ധനവും നിരോധിത വലകളുടെ ഉപയോഗവും മത്സ്യവിഭവ ശോഷണത്തിന് ഹേതുവാകുമെന്ന് മനസിലാക്കി സർക്കാർ ഉപരിതല ട്രോളിംഗ്, മിഡ് വാട്ടർ ട്രോളിംഗ്, പഴ്സീനിങ്ങ് എന്നീ മത്സ്യബന്ധന രീതികൾ കേരളത്തിന്റെ സമുദ്രാതിർത്തിയിൽ നിരോധിച്ചിട്ടുണ്ട്. അതു പോലെ രാത്രികാല ട്രോളിംഗ്, കരവലി എന്നിവയും നിരോധിച്ചിട്ടുണ്ട്. ഇതിന് പുറമെ രാസവസ്തുക്കൾ, ഡൈനാമീറ്റ് എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തള്ള മത്സ്യങ്ങളെ കൂട്ടത്തോടെ നശിപ്പിക്കുന്ന ഫിഷ് അഗ്രഗേറ്റിംഗ് ഡിവൈസസ് (FAD) ഉപയോഗിച്ചുള്ള മത്സ്യബന്ധനം എന്നിവയും KMFR Act ൽ ഭേദഗതി വരുത്തി നിരോധിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായി ഭേദഗതി വരുത്തുകയും പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ എഞ്ചിൻ ശക്തിയുമുള്ള യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം (MLS) നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു വരുന്നു. കൂടാതെ ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ട്രോൾബാൻ മൺസൂൺ കാലത്തു സംസ്ഥാനത്തു നടപ്പിലാക്കി വരുന്നു. ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്. സമുദ്ര മത്സ്യബന്ധനത്തിന്റെ സുസ്ഥിര നിലനിൽപ്പ് ഉറപ്പാക്കിക്കൊണ്ട് തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയോടനുബന്ധിച്ച് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് |

| | | | |
|---|---|---|---|
| | | | (NFDB) മുഖാന്തിരം നടപ്പാക്കുന്ന "സീ റാഞ്ചിംഗ്" പദ്ധതി പ്രകാരം 3 കോടി രൂപയുടെ (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞടുക്കപ്പെട്ട 10 ലോക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/ കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു ഫിഷറീസ് വകുപ്പ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നിലവിൽ ആകെ 1,97,800 പോമ്പാനോ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു കഴിഞ്ഞു. തീരക്കടലിൽ കൂടുകൾ നിക്ഷേപിച്ച് മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷം PMMSY യിൽ ഉൾപ്പെടുത്തി 'ആധുനിക സംയോജിത തീരദേശ മത്സ്യബന്ധന ഗ്രാമങ്ങൾ വികസന പദ്ധതി' പ്രകാരം കേരളത്തിലെ 7 തീരദേശ ജില്ലകളിൾ ഉൾപ്പെടുന്ന 9 മത്സ്യഗ്രാമങ്ങളിൽ ആകെ 1350 റീഫ് മോഡ്യൂളുകൾ നിക്ഷേപിക്കുന്നതിന് ആകെ 279 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 7 മത്സ്യഗ്രാമങ്ങളിലായി ആകെ 1050 റീഫ് മോഡ്യൂളുകളുടെ നിക്ഷേപം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) | തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറച്ചുകൊണ്ട് മത്സ്യലഭ്യതയിൽ സുസ്ഥിരത ഉറപ്പാക്കുന്നതിന് വകുപ്പ് മുഖേന നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | കടൽമത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധമത്സ്യ ഇനങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017 ൽ KMFR ആക്ട് ഭേദഗതി ചെയ്യുകയും 2018 ൽ പുതിയ റൂൾ ഉത്തരവാകുകയും ചെയ്തു. അത് പ്രകാരം ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 HP വരെ എൻജിൻ ശക്തിയുമുള്ള യാനങ്ങൾക്കു മാത്രമായി സംസ്ഥാനത്തിന്റെ തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ ചട്ടം 2018 പ്രകാരം കൊല്ലംകോട് മുതൽ പറവൂർ പൊഴിക്കര വരെ തീരത്തു നിന്ന് 30 മീറ്റർ ആഴത്തിനപ്പുറവും പറവൂർ പൊഴിക്കര മുതൽ ബങ്കാരമഞ്ചേശ്വരം വരെ തീരത്തു നിന്നും 20 മീറ്റർ |

ആഴത്തിനപ്പുറവും മാത്രമാണ് യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യബന്ധനം നടത്താൻ അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത 30 മീറ്റർ ആഴത്തിനും 20 മീറ്റർ ആഴത്തിനും അകത്തു മത്സ്യബന്ധനം നടത്തുന്നതിന് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്.

നശീകരണ മൽസ്യബന്ധന രീതികളായ പേഴ്സ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു വർധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ബോട്ട് നിർമ്മാണ യാർഡുകൾക്കും, മൽസ്യബന്ധന വല നിർമാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾ ബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. പുതുക്കിയ കെ. എം. എഫ്. ആർ ചട്ടം 6 (1) അനുസരിച്ച് നശീകരണ മത്സ്യബന്ധന രീതികളായ ഡൈനാമൈറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷം, മറ്റ് മാരകമായ രാസവസ്തുക്കൾ, കൃത്രിമ പ്രകാശം എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും, ചട്ടം 6 (2) പ്രകാരം തെങ്ങിന്റെ ക്ലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗശൂന്യമായ വല എന്നിവ കൂട്ടികെട്ടിയുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്.

'സംസ്ഥാന ബജറ്റ് 2023' ൽ നടത്തിയ ഫിഷറീസ് മേഖലയെക്കുറിച്ചുള്ള പ്രഖ്യാപനങ്ങളിലൊന്നാണ് 'മാരികൾച്ചർ വികസനം'. തീരക്കടലിൽ കൂടുകൾ നിക്ഷേപിച്ച് മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വരുമാനം വർധിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. ഇതിന്റെ ഭാഗമായി, കേരള തീരത്ത് ഓപ്പൺ സീ മാരികൾച്ചർ എന്ന പദ്ധതിയുടെ സാധ്യതാപഠനം, കൂട് രൂപകൽപന, സ്ഥാപിക്കൽ, പദ്ധതി തയ്യാറാക്കൽ, പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർ സാങ്കേതിക പിന്തുണ എന്നിവയ്ക്കായി ഫിഷറീസ് ഡയറക്ടറുടെ അധ്യക്ഷതയിൽ NIOT, CIBA, RGCA എന്നിവിടങ്ങളിൽ നിന്നുള്ള സാങ്കേതിക വിദഗ്ധർ,,

സി.എം.എഫ്.ആർ.ഐ., ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, മത്സ്യഫെഡ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി 13/07/2023-ലെ സ.ഉ(സാധാ)നം.573/2023/മതുവ ഉത്തരവ് പ്രകാരം ഒരു സാങ്കേതിക സമിതി രൂപീകരിച്ചു. തുടർന്ന് 'Pilot scale Demonstration of Open sea cage culture of finfish in Kerala coast' എന്ന വിഷയത്തിൽ NIOTസമർപ്പിച്ച 2,40,41,669/- രൂപയുടെ പ്രസ്തുത പദ്ധതി പ്രൊപോസൽ PMMSY 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി NFDB യ്ക്ക് സമർപ്പിച്ചിരുന്നു. ഇതിൽ 144,25,003/- രൂപ കേന്ദ്ര വിഹിതവും 96,16,669/- രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടുന്നു.

29/10/2025-ന് നടന്ന ഇന്റർനാഷണൽ സിമ്പോസിയം ഓൺ സീവീഡ്സ്: വാല്യൂ ചെയിനുകൾ, ക്ലൈമറ്റ് സൊല്യൂഷൻസ്, ആൻഡ് ബ്ലൂ ഇക്കണോമി പാത്ത്‌വേസ് (SEAWEEDS 2026), യോഗത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ 'Integrated Seaweed and Sea cage culture' എന്ന പൈലറ്റ് പ്രോജക്റ്റ്, 2025-26-ൽ ആരംഭിക്കുന്നതിനും അടുത്ത സാമ്പത്തിക വർഷത്തിൽ ഇത് വലിയ തോതിൽ നടപ്പിലാക്കുന്നതിനും തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ്, CMFRI, MPEDA, CMLRE, NIOT, RGCA എന്നിവിടങ്ങളിൽ നിന്നുള്ള സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി 'Marine Cage Culture and Seaweed Farming' എന്ന വിഷയത്തിൽ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും അന്തിമമാക്കുന്നതിനുമുള്ള ഒരു സാങ്കേതിക സമിതി രൂപീകരിച്ചു. തുടർന്ന് 'Integrated Multi-Trophic Aquaculture for Sustainable and Climate-Resilient Marine Aquaculture, എന്ന 940/- ലക്ഷം രൂപയുടെ പദ്ധതി പ്രൊപോസൽ (കേന്ദ്ര വിഹിതം ₹564 ലക്ഷം (60%) സംസ്ഥാന വിഹിതം ₹376 ലക്ഷം (40%)) അംഗീകാരത്തിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

തീരക്കടലിൽ മത്സ്യലഭ്യത വർദ്ധിപ്പിക്കുവാൻ സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷക്കരിച്ച് നടപ്പിലാക്കി വരുന്നു. കേരള തീരക്കടലിലെ അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനുവേണ്ടി കെ.എം.എഫ്.ആർ ആക്ട് കാലോചിതമായി പരിഷ്കരിക്കുകയും 2018 സെപ്റ്റംബർ 1 മുതൽ പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ

ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിന് അശാസ്ത്രീയ വലകൾ, വിനാശകരമായ മത്സ്യബന്ധന രീതികൾ, ചെറുമീനുകളെ പിടിക്കുന്നത് എന്നിവയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് പുതുതായി രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെൻറ് കൗൺസിലുകളുടെ പ്രവർത്തനവും പ്രയോജനപ്പെടുത്തുന്നുണ്ട്. ശാസ്ത്രീയ മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിലൂടെയും ചെറുമീനുകളെ പിടിക്കുന്നതിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി 2017-18 ലെ സമുദ്ര മത്സ്യോല്പാദനം 4.83 ലക്ഷം മെട്രിക് ടൺ എന്നത് 2018-19 ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർധിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. 2024-25 ൽ സമുദ്ര മത്സ്യോല്പാദനം 6.47 ലക്ഷം മെട്രിക് ടൺ ആയി വർധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യലഭ്യതയും വരുമാന വർദ്ധനവും ലക്ഷ്യമിട്ട് സമുദ്ര മത്സ്യബന്ധനത്തിൻറെ സുസ്ഥിര നിലനിൽപ്പ് ഉറപ്പാക്കിക്കൊണ്ട് തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിലായി 4090 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷം "കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാന ത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും" എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമായിരുന്നു. പദ്ധതി പ്രകാരം 6300 കൃത്രിമപ്പാരുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 42 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ ആകെ 6300 കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി നിലവിൽ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. "കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്ത് സുസ്ഥിര മത്സ്യബന്ധനവും ഉപജീവന മാർഗ്ഗങ്ങളുടെയും വർധിപ്പിക്കൽ രണ്ടാം ഘട്ടം" എന്ന PMMSY പദ്ധതി കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 29.76 കോടി രൂപയുടെ പ്രൊപോസൽ

| | | | |
|---|---|---|---|
| | | | അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 60% തുകയായ 17.856 കോടി രൂപ കേന്ദ്ര വിഹിതവും 40% തുകയായ 11.904 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. ആയതിന് ഭരണാനുമതിയും ഫണ്ടും ലഭ്യമാകുന്ന മുറക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.<br><br>കൂടാതെ പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം മലപ്പുറം, കോഴിക്കോട് കണ്ണൂർ, കാസർകോഡ് ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 25.8285 കോടി രൂപയുടെ പ്രൊപോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. 60% തുകയായ 15.4971 കോടി രൂപ കേന്ദ്ര വിഹിതവും 40% തുകയായ 10.3314 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.<br><br>പ്രസ്തുത പദ്ധതിയോടനുബന്ധിച്ച്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) മുഖാന്തിരം നടപ്പാക്കുന്ന "സീ റാഞ്ചിംഗ്" പദ്ധതി പ്രകാരം 3 കോടി രൂപയുടെ (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട 10 ലൊക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു ഫിഷറീസ് വകുപ്പ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന കൃത്രിമമായ ആവാസ വ്യവസ്ഥ വഴി ലഭിക്കുന്ന മത്സ്യങ്ങളെ കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം നിക്ഷേപ്പിക്കപ്പെടുന്ന വാണിജ്യ പ്രാധാന്യമേറിയ മത്സ്യകുഞ്ഞുങ്ങൾ കൂടി ആകുമ്പോൾ മേൽ പ്രദേശങ്ങളിൽ നിന്നും ജില്ലയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധികമായി മത്സ്യങ്ങൾ ലഭിക്കുകയും അതിലൂടെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള വരുമാന വർദ്ധനവും സാധ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.<br><br>2023-24 സാമ്പത്തിക വർഷം PMMSY യിൽ ഉൾപ്പെടുത്തി 'ആധുനിക സംയോജിത തീരദേശ മത്സ്യബന്ധന ഗ്രാമങ്ങൾ വികസന പദ്ധതി' പ്രകാരം കേരളത്തിലെ 7 തീരദേശ ജില്ലകളിൽ ഉൾപ്പെടുന്ന 9 മത്സ്യഗ്രാമങ്ങളിൽ ആകെ 1350 റീഫ് മോഡ്യൂളുകൾ നിക്ഷേപിക്കുന്നതിന് ആകെ 279 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 7 മത്സ്യഗ്രാമങ്ങളിലായി ആകെ 1050 റീഫ് മോഡ്യൂളുകളുടെ നിക്ഷേപം പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ